**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3093

20.12.2012ൽ
മറുപടിയ്ക്ക്

**മോനിപ്പള്ളിയിൽ സപ്ലൈകോ ഔട്ട്‌ലെറ്റ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് ; | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കോട്ടയം ജില്ലയിലെ മോനിപ്പള്ളിയിൽ സപ്ലൈകോ സൂപ്പർ മാർക്കറ്റോ മാവേലി സ്റ്റോറോ തുടങ്ങുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | എ) യും ബി) യും<br>മോനിപ്പള്ളിയിൽ ഒരു സപ്ലൈകോ സൂപ്പർ മാർക്കറ്റ് തുടങ്ങുന്നതിന് ലഭിച്ച അപേക്ഷയിൻമേൽ കോട്ടയം റീജിയണൽ മാനേജർ സാധ്യതാ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. നേരിട്ട് ഒരു സൂപ്പർ മാർക്കറ്റ് തുടങ്ങുന്നത് വാണിജ്യപരമായി ഗുണകരമല്ല എന്നാണ് പഠന റിപ്പോർട്ട്. |
| ബി) സപ്ലൈകോയുടെ ഔട്ട്‌ലെറ്റ് ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ ; ഉണ്ടെങ്കിൽ തടസ്സം എന്തെന്ന് വ്യക്തമാക്കുമോ ; | |
| സി) ഔട്ട്‌ലെറ്റ് തുടങ്ങുന്നതിനായി ഷോപ്പ് ഏറ്റെടുത്ത് നൽകാം എന്നറിയിച്ച് നൽകിയ കത്തിൽ സപ്ലൈകോ എന്ത് നിലപാട് സ്വീകരിച്ചു ; വിശദമാക്കുമോ ? | സി) മോനിപ്പള്ളിയിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിന് വേണ്ടിയുള്ള അപേക്ഷ സാധ്യതാ പഠന റിപ്പോർട്ടിനായി കോട്ടയം റീജിയണൽ മാനേജർക്ക് നൽകിയിരിക്കുകയാണ്. സാധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വേണ്ട തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

Beena

സെക്ഷൻ ഓഫീസർ